"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ഡബ്ല്യു.എം.പി. - സയന്റിഫിക് ലാൻഡ്ഫിൽ നിർമ്മിക്കുന്നതിന് കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിൽ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(കൈ) നം.179/2023/LSGD തീയതി,തിരുവനന്തപുരം, 09-10-2023

---

പരാമർശം:-

(1) ജി.ഒ.(എം.എസ്.) നം. 485/2015/ആർ.ഡി. തീയതി 23.09.2015

(2) ജി.ഒ.(ആർ.ടി) നം.463/2023/എൽ.എസ്.ജി.ഡി. തീയതി 23.02.2023

(3) കൊല്ലം ജില്ലാ കളക്ടറുടെ 25.04.2023-ലെ DCKLM/12721/2022-M10 നമ്പർ കത്ത്.

(4) ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുമായി 2023 മെയ് മാസം 20-ന് ചേർന്ന ഓൺലൈൻ യോഗം.

(5) കൊല്ലം ജില്ലാ കളക്ടറുടെ 22.05.2023-ലെ DCKLM/6252/2023/LA7 നമ്പർ കത്ത്.

(6) ജി.ഒ.(ആർ.റ്റി) നം.1091/2023/എൽ.എസ്.ജി.ഡി. തീയതി 23.05.2023

(7) കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് ഡയറക്ടറുടെ 15.07.2023-ലെ 784/INFRA/2022/KSWMP നമ്പർ കത്ത്.

**ഉത്തരവ്**

ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ ഒരുക്കിക്കൊണ്ട് കേരളത്തിലെ നഗരസഭകളിൽ മാലിന്യ സംസ്കരണ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ഇവയുടെ സുസ്ഥിരത ഉറപ്പുവരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുകയും ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ലോക ബാങ്കിന്റെയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും സാമ്പത്തിക സഹായത്തോടെ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP).

(2) പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നഗരസഭകളിലെ മാലിന്യ സംസ്കരണത്തിന് നിലവിലെ അന്താരാഷ്ട്ര മാതൃകകൾക്ക് അനുസരിച്ച് ഏറ്റവും കുറഞ്ഞത് 25 വർഷത്തേക്ക് കണക്കാക്കി നിർമ്മിക്കുന്ന സാനിട്ടറി ലാൻഡ്ഫില്ലിൽ അഞ്ചാമത്തെ ക്ലസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന ജില്ലകളുടെയും നഗരസഭയുടെയും വിവരം ചുവടെ ചേർത്തിരിക്കുന്നു.

| ജില്ലകൾ | നഗരസഭകൾ |
|---|---|
| ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം | അടൂർ, ആറ്റിങ്ങൽ, ചങ്ങനാശ്ശേരി, ചെങ്ങന്നൂർ, ഹരിപ്പാട്, കരുനാഗപ്പള്ളി, കായംകുളം, കൊല്ലം, കൊട്ടാരക്കര, മാവേലിക്കര, നെടുമങ്ങാട്, നെയ്യാറ്റിൻകര, പന്തളം, പരവൂർ, പത്തനംതിട്ട, പുനലൂർ, തിരുവല്ല, തിരുവനന്തപുരം, വർക്കല |

(3) പ്രസ്തുത ക്ലസ്റ്ററിൽ ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വിൽക്കുന്നതിന് താല്പര്യമുള്ള ഭൂവുടമകളിൽ നിന്നും കെ.എസ്.ഡബ്ല്യു.എം.പി. അപേക്ഷ ക്ഷണിച്ചിരുന്നു. കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ ഏരൂർ വില്ലേജിൽ Sy.No. 745-ൽ ഉൾപ്പെട്ടുവരുന്ന 18.62.07 H ഭൂമിയുടെ ഉടമസ്ഥൻ താല്പര്യം അറിയിച്ചതായും, പരാമർശം (3) പ്രകാരം കൊല്ലം ജില്ലാ കളക്ടർ നിർദിഷ്ട ഭൂമിയുടെ സർവ്വേ നമ്പർ, തണ്ടപ്പേർ തുടങ്ങിയവ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പരാമർശം (7) പ്രകാരം കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് ഡയറക്ടർ അറിയിച്ചിരുന്നു.

(4) പ്രാഥമിക പരിശോധനയിൽ പ്രസ്തുത ഭൂമി അനുയോജ്യമായി കണ്ടെത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുമായി 2023 മെയ് മാസം 20 ന് ചേർന്ന ഓൺലൈൻ യോഗത്തിൽ പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കൊല്ലം ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിരുന്നു. പരാമർശം (5) പ്രകാരം കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പരാമർശം (6) പ്രകാരം, ചീഫ് ടൗൺ പ്ലാനറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച "Site suitability Assessment Committee" പ്രസ്തുത സ്ഥലം സന്ദർശിക്കുകയും, നിബന്ധനയ്ക്ക് വിധേയമായി സാനിട്ടറി ലാന്റ് ഫില്ലിന് പ്രസ്തുത സ്ഥലം അനുയോജ്യമാണെന്ന് കമ്മിറ്റി ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

(5) കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ ഏരൂർ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന Sy.No. 745 ഉൾപ്പെട്ടുവരുന്ന 18.62.07 H ഭൂമി, LARR Act-ലെ S.108 ഉം, പരാമർശം (1)-ലെ ഉത്തരവ് പ്രകാരവും അടിയന്തരമായി വാങ്ങുന്നതിന് ആവശ്യമായ അനുമതി നൽകണമെന്ന് പരാമർശം (7) പ്രകാരം കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ ഏരൂർ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന Sy.No. 745-ൽ ഉൾപ്പെട്ട 18.62.07 H ഭൂമി സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിനായി, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ

പേരിൽ Kerala Panchayat Raj (Acquisition & disposal of Property) Rules, 2005-ലെ Rule 5(1), (a to d) പ്രകാരം ഉഭയകക്ഷി കരാർ വ്യവസ്ഥയിൽ, ബന്ധപ്പെട്ട തഹസിൽദാർ നൽകിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിനെ (valuation certificate) അടിസ്ഥാനമാക്കി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ജില്ലാ കളക്ടർ, കൊല്ലം.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
റവന്യൂ (ബി) വകുപ്പ്.
(01.09.2023-ൽ WM1/212/2023/LSGD ഫയലിൽ ലഭിച്ച റിമാർക്സ്)
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
മാനേജിംഗ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 09-10-2023 12:05:36
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.